# അമേരിക്കൻ പ്രവാസി മലയാളി ചരിത്രം രചിച്ച പ്രതിഭാശാലി: ജോർജ്ജ് മണ്ണിക്കരോട്ട്

പാസ്റ്റർ സി.പി.മോനായി

അമേരിക്കൻ മലയാളികളുടെ ഇടയിൽ മലയാള ഭാഷയെ പുനർജ്ജീവിപ്പിക്കുന്നതിനും മലയാള ഭാഷയുടെ വികസനത്തിനും വേണ്ടി മലയാളം സൊസൈറ്റി ഓഫ് അമേരിക്ക എന്ന സംഘടനയ്ക്ക് തുടക്കം കുറിച്ച സാഹിത്യകാരനും നോവലിസ്റ്റും ചരിത്രകാരനും പത്രപ്രവർത്തകനുമായ പ്രതിഭാധനനും ധിഷണാശാലിയുമാണ് ജോർജ്ജ് മണ്ണിക്കരോട്ട്. അമേരിക്കയിലെ പ്രഥമ മലയാള നോവലായ ജീവിതത്തിന്റെ കണ്ണീർ എന്ന കൃതിയുടെ കർത്താവ് എന്ന നിലയിലും അദ്ദേഹം പ്രസിദ്ധനാണ്. മൂന്നു നോവലുകളും രണ്ടു ചെറുകഥാ സമാഹാരങ്ങളും ഒരു ഉപന്യാസ സമാഹാരവും ഒരു ചരിത്ര ഗ്രന്ഥവും രചിച്ച് ആദ്യത്തെ ഫൊക്കാന അവാർഡിന് അർഹനായിത്തീർന്ന ജോർജ്ജ് മണ്ണിക്കരോട്ട് ഇപ്പോഴും സാഹിത്യ സപര്യയിലാണ്. അമേരിക്കൻ മലയാളി ചരിത്രവും അമേരിക്കൻ മലയാള സാഹിത്യ ചരിത്രവും രചിച്ച ചരിത്രകാരൻ എന്ന നിലയിലും ആദ്യത്തെ അമേരിക്കൻ മലയാള നോവലിന്റെ രചയിതാവായ സാഹിത്യകാരൻ എന്ന നിലയിലും ഏറെ ശ്രദ്ധേയനാണ് മണ്ണിക്കരോട്ട്.

1943 മെയ് 28 ന് പത്തനാപുരത്ത് പട്ടാഴിയിൽ മണ്ണിക്കരോട്ട് മത്തായി കൊച്ചുമ്മന്റെയും മറിയാമ്മയുടെയും മകനായി ജോർജ്ജ് മണ്ണിക്കരോട്ട് ജനിച്ചു. പട്ടാഴിയിൽ കല്ലടയാറിന്റെ തീരപ്രദേശത്തെ ഗ്രാമീണ അന്തരീക്ഷത്തിൽ ബാല്യകാലം. മണ്ണിക്കരോട്ടുകാർ വേട്ടയിലും മീൻപിടുത്തത്തിലും കൃഷിയിലും നിപുണരായിരുന്നു. ഗുസ്തിയും ജ്യോതിഷവും അടിതടയും എന്നു വേണ്ട സകല കായിക വിനോദത്തിലും പേരുകേട്ട പുരാതന തറവാടായിരുന്നു മണ്ണിക്കരോട്ട്.

ജന്മികൾ ആയിരുന്നതുകൊണ്ട് ഭൂസ്വത്തുക്കൾ ധാരാളം ഉണ്ടായിരുന്നു. അതോടൊപ്പം വ്യവഹാരങ്ങളും ധാരാളം. കല്ലടയാറിനു തെക്കുള്ള നമ്പുമഠക്കാരായിരുന്നു പട്ടാഴി ഭരിച്ചിരുന്നത്. ആൾശക്തിയും ഭൂസ്വത്തും മണ്ണിക്കരോട്ടുകാർക്കും. എല്ലാവരും നമ്പുമഠക്കാർക്ക് കരം കൊടുക്കണം. ദേവസ്വത്തിന്റെയും അമ്പലത്തിന്റെയും ചുമതല നമ്പുമഠക്കാർക്കായിരുന്നു. നമ്പുമഠക്കാർക്കു കരം കൊടുക്കുന്നതിൽ മണ്ണിക്കരോട്ടുകാർ വിമുഖരായിരുന്നു. അതുകൊണ്ടു തന്നെ അടിപിടിയും വ്യവഹാരങ്ങളും സ്വാഭാവികവുമായിരുന്നു.

വല്ല്യപ്പച്ചന്റെ മരണശേഷം കുടുംബത്തിന്റെ ചുമതല മത്തായി കൊച്ചുമ്മനായിരുന്നെങ്കിലും വ്യവഹാരങ്ങളുടെയും മറ്റും നടത്തിപ്പുഭാരം അദ്ദേഹത്തെ തളർത്തി. കുടുംബം അദ്ദേഹത്തിനു ലഭിച്ചുമില്ല. കുടുംബബന്ധങ്ങളും ധനസമൃദ്ധിയും ചോർന്നു പോകുന്ന കാഴ്ച കണ്ടാണ് ജോർജ്ജ് മണ്ണിക്കരോട്ട് വളർന്നത്.

പ്രൈമറി സ്ക്കൂൾ പഠനം അടുത്തുള്ള ഒരു സ്ക്കൂളിലായിരുന്നു. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ പല പുതിയ മലയാളം വാക്കുകൾക്കും അദ്ധ്യാപകർ പ്രതീക്ഷിക്കാത്ത അർത്ഥവിവരണം പറഞ്ഞുകൊടുത്തിട്ടുണ്ട്. അതൊക്കെ വാചകത്തിലെ പ്രയോഗം അനുസരിച്ച് സ്വയം കണ്ടെത്തുന്നതായിരുന്നു. അതെല്ലാം ശരിയായിരുന്നു താനും. എന്നാൽ അന്നൊന്നും തന്നിൽ ഒരു എഴുത്തുകാരനുണ്ടെന്ന് അറിഞ്ഞിരുന്നില്ല. മിഡിൽ സ്ക്കൂൾ വിദ്യാഭ്യാസം ഏതാണ്ട് 3 നാഴിക അകലെയുള്ള സെന്റ് പോൾസ് ഇംഗ്ലീഷ് ഹൈസ്ക്കൂളിലായിരുന്നു. അവിടെ പ്രസംഗമത്സരം, ഉപന്യാസ മത്സരം, ഉപന്യാസ വായന മുതലായവയ്ക്ക് ചേർന്നിരുന്നെങ്കിലും, മറ്റൊന്നും എഴുതിയിരുന്നില്ല.

8-ാം ക്ലാസ് കഴിഞ്ഞ് ഹൈസ്ക്കൂളിൽ പഠിക്കേണ്ട സമയമായപ്പോഴേക്കും പ്രൈവറ്റ് സ്ക്കൂളായിരുന്ന സെന്റ് പോൾസിന്റെ ഹൈസ്ക്കൂൾ വിഭാഗം നിറുത്തലാക്കി. അതുകൊണ്ട് ആറ്റിന് തെക്കേക്കരയിൽ അമ്പലത്തിനടുത്തുള്ള ഗവൺമെന്റ് ഹൈസ്ക്കൂളിൽ ചേർന്നു പഠിക്കേണ്ടി വന്നു. ഏതാണ്ട് അഞ്ചുമൈലിലേറെ അകലെയായിരുന്നു ഈ ഹൈസ്ക്കൂൾ. നടന്നും വള്ളം കയറിയുമാണ് പോകേണ്ടിയിരുന്നത്.

അവിടെവച്ച് ചുരുക്കമായി ചെറുകഥ എഴുതാൻ തുടങ്ങി. എന്നാൽ മലയാളത്തിൽ ലേഖനങ്ങൾ എഴുതാനിരിക്കുമ്പോൾ അറിയാതെ ആശയങ്ങളും അതിനൊത്ത ഭാഷയും ഒഴുകിക്കൊണ്ടിരുന്നു. അതുപോലെ ലേഖനങ്ങൾ ഉദ്ദേശിക്കാത്ത വിധത്തിൽ നീണ്ടുപോകുകയും ചെയ്തിരുന്നു. അന്നും തന്നിൽ ഒരു എഴുത്തു

കാരനുണ്ടോയെന്ന് അറിഞ്ഞിരുന്നില്ല. ഹൈസ്ക്കൂളിൽ അവസാന പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയത് മലയാളത്തിനായിരുന്നു. എസ്.എസ്.എൽ.സി കഴിഞ്ഞുള്ള അവധിക്കാലത്ത് ഭാഷയോട് താൽപ ര്യമുള്ള രണ്ടുമൂന്നു പേർ കൂടി ചേർന്ന് ഗ്രാമദീപം എന്ന പേരിൽ ഒരു കയ്യെഴുത്തു മാസിക തുടങ്ങി. അതിൽ കഥകളും ലേഖനങ്ങളും എഴുതി. അക്കാലത്തെ നല്ല എഴുത്തുകാരേയും പ്രസാധകരേയും ഒക്കെ കേട്ടിട്ടുള്ള തല്ലാതെ നേരിട്ടറിയാനോ പരിചയപ്പെടാനോ കഴിഞ്ഞിട്ടില്ല. ഗ്രാമദീപത്തിന് ചില മാസങ്ങൾ മാത്രമേ ആയു സുണ്ടായിരുന്നുള്ളൂ. അതിൽ പ്രവർത്തിച്ചിരുന്നവർ ഓരോ വഴിക്കുപോയി.

അതിനുശേഷം പത്തനംതിട്ട കാത്തലിക്കേറ്റ് കോളജിൽ ചേർന്നു. അപ്പോഴേക്കും എന്നിൽ എങ്ങനെ യെന്നറിയുന്നില്ല മലയാളത്തോടുള്ള താൽപര്യം ഏറിവന്നു. എങ്ങനെയെങ്കിലും മലയാളം കൂടുതൽ പഠിക്ക ണമെന്ന് ചിന്തയായി. അതിനായി പ്രൈവറ്റായി മലയാളം വിദ്വാൻ പഠിക്കുന്നതിന് ചേർന്നു. ഒപ്പം സംസ്കൃ തവും പഠിക്കാൻ തുടങ്ങി. ഈ സമയത്താണ് ഞാൻ മലയാളത്തിൽ കൂടുതൽ കൃതികൾ വായിക്കാനിടയാ യത്.

ഇൻഡ്യയും ചൈനയുമായുള്ള യുദ്ധം (1962) കൊടുംബിരി കൊണ്ടിരിക്കുമ്പോൾ സൈന്യത്തിൽ ചേർന്നാൽ കഴിവുള്ളവർക്ക് പ്രത്യേകിച്ച് കോളെജിൽ പഠിച്ചവർക്ക് കമ്മിഷൻ കിട്ടാൻ സാധ്യതയുണ്ടെന്നും അങ്ങനെ ആർമിയിൽ ഓഫീസർ ആകാൻ കഴിയുമെന്നും മനസ്സിലാക്കി. അത് ആർമിയിൽ ചേരാനുള്ള ചിന്തയ്ക്ക് കാരണമായി. മാത്രമല്ല ഈ സമയത്ത് വടക്കെ ഇൻഡ്യയിൽ ഉത്തരപ്രദേശിന്റെ തലസ്ഥാനമായ ലക്നൗവിലേക്ക് പോകാൻ ഒരു അവസരമുണ്ടാകുകയും ചെയ്തു. അവിടെ ചെന്നാൽ സൈന്യത്തിൽ ചേരാ മെന്നും അത് കമ്മീഷന്റെ തുടക്കമാണെന്ന മോഹവും. അങ്ങനെ 1962 അവസാനത്തോടെ ലക്നൗവിലേക്ക് തിരിച്ചു. അങ്ങനെ സൈന്യത്തിൽ ചേരാൻ സാധിച്ചു.

ഉത്സാഹത്തോടെ ചേർന്നെങ്കിലും പട്ടാള പരിശീലനത്തിലെല്ലാം പിന്നിലായിരുന്നു. അവിടെയും വായന യിൽ താൽപര്യം കാണിച്ചിരുന്നു. പട്ടാളത്തിലെ അടിസ്ഥാന പരിശീലനത്തിനു ശേഷം തുടർന്നുള്ള ജോലിക്കും മറ്റു പഠനങ്ങൾക്കുമായി രാജ്യത്തിന്റെ പലഭാഗത്തും പോകേണ്ടതായി വന്നു. ഈ അവസര ത്തിൽ കമ്മീഷനുവേണ്ട പുസ്തകങ്ങൾ വായിക്കാൻ തുടങ്ങി. അതോടൊപ്പം തന്നെ കോളേജ് ഡിഗ്രിയും എങ്ങനെയെങ്കിലും പൂർത്തീകരിക്കണമെന്ന ആഗ്രഹവും ഉണ്ടായി. അതിനായി പ്രൈവറ്റായി പഠിക്കാനും തുടങ്ങി.

കമ്മീഷന് ധാരാളം വായിക്കാനും പഠിക്കാനുമുണ്ട്. കൂടുതലും മനശാസ്ത്രപരമായ(Psychology) പരീ ക്ഷകളും പരീക്ഷണങ്ങളുമാണ്. അതിനു വേണ്ടി ധാരാളം പുസ്തകങ്ങൾ വായിച്ചു, പഠിച്ചു. മൂന്നു പ്രാവശ്യം കമ്മീഷനുവേണ്ടി സെലക്ഷൻ ബോർഡുവരെ എത്താൻ കഴിഞ്ഞു. അവിടെവരെ എത്താൻ പല കടമ്പകൾ കടക്കേണ്ടതായിട്ടുണ്ട്. അതിന് താഴെയുള്ള മൂന്ന് സ്ഥലങ്ങളിലെ(Unit, Area, Command) പരീക്ഷകളിൽ ജയിച്ചിരിക്കണം. അതിനുശേഷമാണ് ബോർഡിൽ എത്തുന്നത്. മനുഷ്യന്റെ അടി മുതൽ മുടിവരെ പരീക്ഷി ക്കുന്ന ചോദ്യങ്ങളും പരീക്ഷണങ്ങളുമാണ്. അതുപോലെ ബുദ്ധിശക്തി(intelligent) തെളിയിക്കാനും സൈന്യ ത്തിനു വേണ്ട പ്രത്യേകമായ പരീക്ഷകളും പരീക്ഷണങ്ങളും വേറെയും.

മൂന്നു പ്രാവശ്യം കമ്മീഷന് ശ്രമിച്ചിട്ടും കിട്ടാതായപ്പോൾ ആർമിയിൽ തുടർന്നിട്ട് കാര്യമില്ലെന്നു തോന്നി. എങ്ങനെയെങ്കിലും അവിടം വിടണമെന്ന ചിന്തയായി. ആർമി വിട്ടാൽ എന്തു ചെയ്യുമെന്ന ചിന്ത വേറെയും. പിന്നീട് എങ്ങനെയെങ്കിലും അമേരിക്കയിൽ കടന്നുകൂടണമെന്ന ആഗ്രഹവും ആശയവുമായിരുന്ന കൂടു തലും. അക്കാലത്ത് അമേരിക്കയിൽ, കുടുംബത്തിൽപെട്ടവർ ഉണ്ടായിരുന്നതും ഈ ചിന്തയ്ക്ക് ആക്കം കൂട്ടി. എന്നാൽ ആർമി വിടുക എന്നതായിരുന്നു ഏറ്റവും വലിയ പ്രശ്നം. പട്ടാളത്തിൽ പത്തു പതിനൊന്നു വർഷം പരിശീലനം കഴിഞ്ഞ, കഴിവുള്ള ഒരു ചെറുപ്പക്കാരന് ഡിസ്ചാർജ് കിട്ടുക ചിന്തിക്കാൻ കഴിയുന്നതാ യിരുന്നില്ല. അങ്ങനെയുള്ള ശ്രമം പാഴാകുകയായിരുന്നു പതിവ്. എന്തായാലും 1974 ഏപ്രിലിൽ ആർമി വിട്ടു. അതേവർഷം ആഗസ്റ്റിൽ തന്നെ അമേരിക്കയ്ക്ക് പറക്കുകയും ചെയ്തു.

ആർമിയിൽ ഇരിക്കുമ്പോഴാണ് കൂടുതൽ എഴുതിയിട്ടുള്ളത്. ദീപികവീക്കിലി, സിനിമാ മാസിക മുതലായ ആനുകാലികങ്ങൾ വരുത്തി വായിക്കുകയും അതിൽ ചെറിയ ലേഖനങ്ങൾ, അഭിപ്രായങ്ങൾ, പ്രതികരണ ങ്ങൾ മുതലായവ എഴുതുകയും ചെയ്തിരുന്നു.

1968–ലാണെന്നുതോന്നു പഞ്ചാബിലെ അമൃതസറിൽ ആയിരിക്കുമ്പോൾ ഒരു മലയാളി കുടുംബത്തിനുണ്ടായ അനുഭവം മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. ഈ അനുഭവം കൂടുതൽ എഴുതാൻ പ്രേരിപ്പിച്ചു. എഴുതാൻ തുടങ്ങി. പണത്തിന്റെ ഏറ്റക്കുറച്ചിൽ കാരണം സ്വന്തം ബന്ധുക്കളാൽ അവഗണിക്കപ്പെട്ട ഒരു ചെറുപ്പക്കാരൻ പട്ടാളത്തിൽ ചേരുന്നതും അവിടെ നിന്ന് കമ്മീഷൻ ലഭിച്ച് ഓഫീസർ ആകുന്നതും, യുദ്ധത്തിൽ അയാളുടെ സാഹസങ്ങളും വിജയങ്ങളുമൊക്കെ ചേർത്ത് അത് ഒരു വലിയ നോവൽ ആകുകയായിരുന്നു. ഇൻഡ്യയിലെ പ്രധാനപ്പെട്ട പട്ടണങ്ങളും ഇൻഡ്യയുടെ അതിർത്തി പ്രദേശങ്ങളും എല്ലാം ഈ നോവലിന്റെ ഭാഗമായിട്ടുണ്ട്. അതോടൊപ്പം ചൈനാക്കാരെ വരെ കഥാപാത്രങ്ങളാക്കി ഏതാണ്ട് അഞ്ഞൂറു പേജുള്ള ഒരു വലിയ നോവൽ രചിച്ചു. അതിന് 'അഗ്നിയുദ്ധം' എന്ന പേരുകൊടുത്തു. നാട്ടിൽ പണത്തിന്റെ ഏറ്റക്കുറച്ചിൽ കാരണം ഉലയുന്ന ബന്ധങ്ങളും പട്ടാളജീവിതവും ഇൻഡ്യാ ചൈനാ യുദ്ധവും ഇവിടെ അഗ്നിയുദ്ധമായി മാറുകയായിരുന്നു. അത് എഴുതിക്കഴിഞ്ഞപ്പോൾ വലിയ കൃതികൾ എഴുതാമെന്ന തോന്നലുണ്ടായി. അങ്ങനെ ആദ്യത്തെ നോവൽ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാതെ മനസ്സിൽ ചെറുപ്പം മുതലേ കുടിക്കൊണ്ടിരുന്ന ചില അനുഭവങ്ങൾ നോവൽ രൂപത്തിൽ എഴുതാൻ തുടങ്ങി.

തന്റെ ഗ്രാമത്തിൽ ധാരാളം പാവപ്പെട്ടവരുണ്ടായിരുന്നു. പട്ടിണിയെങ്കിലും പണിയെടുക്കാതെ വെറുതെ നടക്കുന്നവരായിരുന്നു പുരുഷന്മാരിൽ കൂടുതലും. വീടിന്റെ എല്ലാ ചുമതലകളും സ്ത്രീകൾക്കും. കുട്ടികൾക്ക് ഭക്ഷണത്തിന് വകയുണ്ടാക്കണം, വസ്ത്രം വേണം, പഠിപ്പിക്കണം അങ്ങനെ ഓരോന്നും. അതും ഓരോ വീട്ടിലും ധാരാളം കുട്ടികളും. അതോടൊപ്പം രാവിലെ മുതൽ വെറുതെ നടന്ന് വീട്ടിലെത്തുന്ന ഭർത്താവിന് ഭക്ഷണം റെഡിയായിരിക്കുകയും വേണം. വൈകിട്ട് കള്ളുകുടിയും കഴിഞ്ഞ് അയാൾ എത്തുമ്പോൾ വീട്ടിൽ കലഹവും ഭാര്യയെ കാര്യമില്ലാതെ ഉപദ്രവിക്കലും. ചുരുക്കത്തിൽ സ്ത്രീകൾക്ക് എപ്പോഴും വേദനയും കണ്ണുനീരും പട്ടിണിയും മാത്രം.

അതോടൊപ്പം സ്ത്രീധനത്തിന് വകയില്ലാത്തതിനാൽ വിവാഹം നടക്കാതെ പുര നിറഞ്ഞു നിൽക്കുന്ന പെൺമക്കൾ. അങ്ങനെ അവിവാഹിതരായ പെൺമക്കൾ അമ്മയുടെ മനസ്സിൽ എരിയുന്ന ഒരു നെരിപ്പോടായി മാറുകയാണ്. ഈ പെൺകുട്ടികൾ വീടുകളിൽ ഒരു വേണ്ടാത്ത വസ്തുവായി കഴിയേണ്ടിയിരുന്നു. ഇല്ലാത്ത കാര്യങ്ങൾക്കുപോലും അവർ കുറ്റക്കാരായി തീരുന്നു. മറ്റൊന്നും ചെയ്യാൻ കഴിയാത്ത അവർക്കും കണ്ണുനീർമാത്രമാണ് മിച്ചം. അതാണ് പിൽക്കാലത്ത് 'ജീവിതത്തിന്റെ കണ്ണീർ' എന്ന പേരിൽ പ്രസിദ്ധീകരിച്ച അമേരിക്കയിലെ ആദ്യത്തെ മലയാളം നോവൽ.

അന്ന് ഹ്യൂസ്റ്റനിലെ മലയാളി സംഘടനയായിരുന്നു കേരളാ കൾച്ചറൽ അസ്സോസിയേഷൻ (KCA). 1980 ഡിസംബറിലാണ് ഹ്യൂസ്റ്റനിൽ എത്തിയതെങ്കിലും അടുത്ത വർഷം തന്നെ (1981) കെ.സി.എയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'മാറ്റൊലി' യുടെ ചീഫ് എഡിറ്ററായി മണ്ണിക്കരോട്ടിനെ തിരഞ്ഞെടുത്തു. എന്തായാലും അതിന്റെ മുഖ്യപത്രാധിപരായശേഷം മാറ്റൊലിയ്ക്ക് വളരെ മാറ്റങ്ങൾ വരുത്തി. അതുവരെ കേവലം മൂന്നു നാലു പേജുകളിൽ വിവരങ്ങൾ മാത്രം പ്രസിദ്ധീകരിച്ചിരുന്നത് വിപുലീകരിച്ച് നാട്ടിലെ ഒരു വീക്കിലിയുടെ മട്ടിലാക്കി മാറ്റിയെടുത്തു. അതോടൊപ്പം അതിൽ ലേഖനങ്ങളും കഥകളും എഴുതാനും തുടങ്ങി. ഇത് തന്നെ വീണ്ടും എഴുത്തിന്റെ പാതയിലേക്ക് നയിക്കുകയായിരുന്നു.

'ജീവിതത്തിന്റെ കണ്ണീർ' വീണ്ടും തിരുത്തി എഴുതി. അത് 1982 ൽ സ്വന്തമായി പ്രസിദ്ധീകരിച്ചു. 'അഗ്നിയുദ്ധ'മാണ് ആദ്യമായി എഴുതിയതെങ്കിലും, ജീവിതത്തിന്റെ കണ്ണീരാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. 1982 ൽ ജീവിതത്തിന്റെ കണ്ണീർ പ്രസിദ്ധീകരിക്കുമ്പോൾ അമേരിക്കയിൽ മലയാളി എഴുത്തുകാർ ഉണ്ടോ എന്നു അറിഞ്ഞിരുന്നില്ല. എന്നാൽ അന്ന് രണ്ട് മാസികകൾ ന്യൂയോർക്കിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു. പ്രഭാതവും അശ്വമേധവും. അതിൽ വളരെ ചുരുക്കമായി അമേരിക്കൻ മലയാളികളിൽ നിന്ന് ലേഖനക്കുറിപ്പുകൾ കണ്ടിട്ടുണ്ട്. അത്രമാത്രം. എന്തായാലും അമേരിക്കയിലെ ആദ്യത്തെ മലയാളം നോവലാണ് 'ജീവിതത്തിന്റെ കണ്ണീർ'. ഈ കൃതി 1987 ൽ കേരളത്തിൽ നാഷണൽ ബുക്കുസ്റ്റാൾ പ്രസിദ്ധീകരിച്ചു. അക്കാലത്ത് ഒരു തുടക്കക്കാരന്റെ കൃതി നാഷണൽ ബുക്കുസ്റ്റാൾ പ്രസിദ്ധീകരിക്കുന്നത് ഒരു വലിയ അംഗീകാരമായിരുന്നു.

അതിനുശേഷം അഗ്നിയുദ്ധം തിരുത്തി എഴുതി. 1989 ൽ നാഷണൽ ബുക്കുസ്റ്റാൾ തന്നെ പ്രസിദ്ധീകരിച്ചു. അന്നും അമേരിക്കയിൽ വളരെ ചുരുക്കം മലയാളി എഴുത്തുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മാത്രമല്ല അതി

നുമുമ്പായി അതായത് ജീവിതത്തിന്റെ കണ്ണീരിനുശേഷം അഗ്നിയുദ്ധം വരെ കേവലം മറ്റൊരു നോവൽ കൂടി മാത്രമേ അമേരിക്കയിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുള്ളൂ.

അതിനുശേഷം ചെറുകഥകൾ എഴുതുന്നതിലാണ് കൂടുതൽ താൽപര്യം കാണിച്ചത്. രണ്ട് ചെറുകഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. അതോടൊപ്പം തന്നെ 'കേരളനാദം' എന്ന പേരിൽ ഒരു വാർത്താ–സാഹിത്യ മാസികയും തുടങ്ങി. അമേരിക്കയിലെ മലയാളികളിൽ നിന്ന് വളരെ പ്രശംസ പിടിച്ചു പറ്റിയ ഒരു പ്രസിദ്ധീകരണമായിരുന്നു അത്. ഈ സമയം പല പ്രമുഖ സുവനിയറുകളുടെയും ചീഫ് എഡിറ്ററായി പ്രവർത്തിച്ചു. അതോടൊപ്പം തന്നെ സാമൂഹ്യ–സാംസ്ക്കാരിക–സാഹിത്യ–ആത്മീയ–ജീവകാരുണ്യ പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കാൻ തുടങ്ങി. പല സംഘടനകളിലും ചെയർമാൻ, പ്രസിഡന്റ്, സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. അവാർഡ് നെറ്റ്, മിസ് കേരളാ പാജന്റ് മുതലായ പല വിപുലമായ പരിപാടികൾ സംഘടിപ്പിച്ച് വൻ വിജയമാക്കിയിട്ടുണ്ട്.

ഇപ്പോൾ അമേരിക്കയിൽ ഭാഷയുടെ ബോധവത്ക്കരണത്തിനും വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി മലയാളം സൊസൈറ്റി ഓഫ് അമേരിക്ക എന്ന സംഘടന സ്ഥാപിച്ച് അതിന്റെ പ്രസിഡന്റായി ജോർജ്ജ് മണ്ണിക്കരോട്ട് തുടരുന്നു. അതോടൊപ്പം മലയാളി പ്രസ് കൗൺസിലിന്റെ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. തന്റെ പ്രധാന കൃതികളായ ജീവിതത്തിന്റെ കണ്ണീർ (നോവൽ – 1982, 87, 2004), അഗ്നിയുദ്ധം (നോവൽ – 1989, 2004), അമേരിക്ക (നോവൽ – 1994, 95, 2008), മൗന നൊമ്പരങ്ങൾ (ചെറുകഥകൾ 1991), അകലുന്ന ബന്ധങ്ങൾ (ചെറുകഥകൾ 1993), ബോധധാര (ഉപന്യാസങ്ങൾ 1999), അമേരിക്കയിലെ മലയാള സാഹിത്യചരിത്രം (ചരിത്രം 2007) കൂടാതെ അമേരിക്കയിലെയും കേരളത്തിലെയും ആനുകാലികങ്ങളിൽ ലേഖനങ്ങൾ പതിവായി എഴുതുന്നു.

മണ്ണിക്കരോട്ടിനു ലഭിച്ച പുരസ്കാരങ്ങളിൽ പ്രാധാനപ്പെട്ടവയാണ് ആദ്യത്തെ ഫൊക്കാന സാഹിത്യ അവാർഡ് (1992), ഫൊക്കാന എഡിറ്റോറിയൽ അവാർഡ് (1996), വിശാല കൈരളി അവാർഡ് (1997), കോഴിക്കോട് ഭാഷാ സമന്വയവേദി അവാർഡ് (2005), ക്രിസ്റ്റ്യൻ ആർട്സ് ആൻഡ് കൾച്ചറൽ ഫൗണ്ടേഷൻ അവാർഡ് 2006. ഇൻഡ്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രഥമ പുരസ്ക്കാരം 2008). മലയാളി സംഘടനകളിൽ നിന്നും മറ്റും മറ്റ് പല അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

1972 ലായിരുന്നു വിവാഹം. വള്ളിക്കോട്ട് വർഗീസിന്റെയും ശോശാമ്മയുടെയും മകൾ ഏലിയാമ്മയാണു ഭാര്യ. മക്കൾ : ഡോ.ജറാൾഡ്, സച്ചിൻ, സെവിൽ: മരുമക്കൾ സോണിയ, മാനസി:

കൊച്ചുമക്കൾ: പീയെഴ്സ്, ഡിയെഗൊ, എസ്രി, ലോഗൻ

അമേരിക്കൻ മലയാളികൾക്ക് മറക്കാനാവാത്ത സാഹിത്യ സംഭാവനകൾ നല്കിയ അനുഗൃഹീത എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമാണ് ജോർജ്ജ് മണ്ണിക്കരോട്ട്. ജീവിതാനുഭവങ്ങളുടെയും പ്രവാസ ജീവിതത്തിന്റെയും അനുഭവച്ചൂടുള്ള രചനകളാൽ വരും തലമുറയ്ക്ക് ദിശാബോധം നല്കുന്ന സന്ദേശമാണ് അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ നമ്മൾക്ക് കാണിച്ചു തരുന്നത്.